"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ആരോഗ്യ കുടുംബക്ഷേമ വകുപ്പ് - പ്ലാൻ ഫണ്ട് 2025-26 - ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെന്റൽ ഹെൽത്ത് & ന്യൂറോസയൻസസ് (ഇംഹാൻസ്) - 'ഇംഹാൻസ് കെട്ടിടത്തിന്റെ ഓപ്പൺ ടെറസിനെ ഓഡിറ്റോറിയം ആക്കി രൂപപരിണാമം വരുത്തൽ' എന്ന പ്രവൃത്തി - സി.സി.3 & പാർട്ട് ബിൽ തീർപ്പാക്കുന്നത് - തുക അനുവദിച്ച് ഉത്തരവാകുന്നു.

**ആരോഗ്യ കുടുംബക്ഷേമ (പി) വകുപ്പ്**

സ.ഉ.(സാധാ) നം.596/2026/H&FWD തീയതി,തിരുവനന്തപുരം, 11-02-2026

പരാമർശം:-

1. സ.ഉ.(സാധാ) നം.727/2024/ആ.കു.വ. തീയതി 12.03.2024
2. സ.ഉ.(സാധാ) നം.560/2025/ആ.കു.വ. തീയതി 26.02.2025
3. സ.ഉ.(സാധാ) നം.1627/2025/ആ.കു.വ. തീയതി 11.06.2025
4. കേരള പോലീസ് ഹൗസിംഗ് & കൺസ്ട്രക്ഷൻ കോർപ്പറേഷൻ ലിമിറ്റഡ് മാനേജിംഗ് ഡയറക്ടറുടെ 19.12.2025 തീയതിയിലെ പി.ഇ-2/1334/കെ.പി.എച്ച്.സി.സി./2024 നമ്പർ കത്ത്
5. ഇംഹാൻസ് ഡയറക്ടറുടെ 13.01.2025 തീയതിയിലെ 216/2024/ഇംഹാൻസ് നമ്പർ കത്ത്

**ഉത്തരവ്**

പരാമർശം (1) ഉത്തരവ് പ്രകാരം 2023-2024 സാമ്പത്തിക വർഷത്തിലെ പ്ലാൻ ഫണ്ടിൽ ഉൾപ്പെടുത്തി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെന്റൽ ഹെൽത്ത് & ന്യൂറോസയൻസസ് (ഇംഹാൻസ്) -യിൽ 'ഇംഹാൻസ് കെട്ടിടത്തിന്റെ ഓപ്പൺ ടെറസിനെ ഓഡിറ്റോറിയം ആക്കി രൂപപരിണാമം വരുത്തൽ (Remodeling the open terrace at IMHANS to an Auditorium)' എന്ന പ്രവൃത്തിക്ക് '2210-05-200-95-35 (പ്ലാൻ)' ശീർഷത്തിനു കീഴിൽ 1 കോടി രൂപയുടെ ഭരണാമതി നൽകിയിരുന്നു. പ്രസ്തുത പ്രവൃത്തി ചെയ്യുന്നതിന് കേരള പോലീസ് ഹൗസിംഗ് & കൺസ്ട്രക്ഷൻ കോർപ്പറേഷൻ ലിമിറ്റഡ് (കെ.പി.എച്ച്.സി.സി.) -യ്ക്ക് വർക്ക് ഓർഡർ നൽകിയിരുന്നു. പ്രസ്തുത പ്രവൃത്തിക്കായി പരാമർശം (2) പ്രകാരം ₹4,99,475/- രൂപയും പരാമർശം (3) പ്രകാരം ₹24,99,637/- രൂപയും ചേർത്ത് ആകെ ₹ 29,99,112/- രൂപ റിലീസ് ചെയ്തു നൽകിയിരുന്നു. പ്രസ്തുത തുക പൂർണ്ണമായും വിനിയോഗിച്ചിട്ടുണ്ടെന്ന് പരാമർശം (5) ലെ കത്ത് പ്രകാരം ഇംഹാൻസ് ഡയറക്ടർ അറിയിക്കുകയുണ്ടായി. പരാമർശം (4) കത്ത് പ്രകാരം കെ.പി.എച്ച്.സി.സി. മാനേജിംഗ് ഡയറക്ടർ ₹ 9,94,797/- രൂപയുടെ സി.സി. 3 & പാർട്ട് ബിൽ തയ്യാറാക്കി സമർപ്പിച്ചിട്ടുണ്ടെന്നും ഇംഹാൻസ് ഡയറക്ടർ അറിയിച്ചിരുന്നു. ഈ സാഹചര്യത്തിൽ, 'ഇംഹാൻസ് കെട്ടിടത്തിന്റെ ഓപ്പൺ ടെറസിനെ ഓഡിറ്റോറിയം ആക്കി രൂപപരിണാമം വരുത്തൽ' എന്ന പ്രവൃത്തിക്കായി ഭരണാനുമതി തുകയിൽ ബാക്കിയുള്ള

₹70,00,888/- രൂപയിൽ നിന്നും ₹9,94,797/- രൂപ '2210-05-200-95-35 (Plan)' എന്ന ശീർഷകത്തിൽ അനുവദിച്ചു നൽകുവാൻ ഇംഹാൻസ് ഡയറക്ടർ അഭ്യർത്ഥിക്കുകയുണ്ടായി.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. 'ഇംഹാൻസ് കെട്ടിടത്തിന്റെ ഓപ്പൺ ടെറസിനെ ഓഡിറ്റോറിയം ആക്കി രൂപപരിണാമം വരുത്തൽ' എന്ന പ്രവൃത്തിയുടെ സി.സി.3 & പാർട്ട് ബിൽ തീർപ്പാക്കുന്നതിനായി **₹ 9,94,797/- രൂപ (ഒൻപതു ലക്ഷത്തി തൊണ്ണൂറ്റി നാലായിരത്തി എഴുന്നൂറ്റി തൊണ്ണൂറ്റി ഏഴ് രൂപ മാത്രം)**, **'2210-05-200-95-35 (പ്ലാൻ)'** എന്ന ശീർഷകത്തിൽ നിന്നും ഇംഹാൻസ്-ന് റിലീസ് ചെയ്തു നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

3. തുക കൈമാറുന്നതിനു മുൻപായി ബില്ലുകളുടെ കൃത്യത ഇംഹാൻസ് ഡയറക്ടർ ഉറപ്പ് വരുത്തേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
സുഭാഷ് ആർ
അഡിഷണൽ സെക്രട്ടറി

ഡയറക്ടർ (ഇൻ ചാർജ്ജ്), ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെന്റൽ ഹെൽത്ത് & ന്യൂറോസയൻസസ് (ഇംഹാൻസ്), കോഴിക്കോട്
ട്രഷറി ഡയറക്ടർ, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ് / എ&ഇ), കേരളം, തിരുവനന്തപുരം
ധനകാര്യ (ഹെൽത്ത് - എ) വകുപ്പ് (നം.2743471/HLT-A3/54/2024-ധന തീയതി 10.02.2026 പ്രകാരം)
വിവരപൊതുജനസമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്
കരുതൽ ഫയൽ / ഓഫീസ് കോപ്പി(P3/142/2023-HEALTH )

ഉത്തരവിൻ പ്രകാരം

Signed by
Gayathri G
Date: 11-02-2026 16:05:38
സെക്ഷൻ ഓഫീസർ